പ്രസ്തുത കമ്പനികൾ കോർപ്പറേഷനിൽ നിക്ഷേപിക്കുന്ന കരുതൽ ധനം (Security Deposit) 15 മാസത്തെ കാലാവധിയിലാണ്. സാധാരണയായി ഈ കാലയള വിനുശേഷമായിരിക്കും മരുന്നുകളുടെ കാലാവധി കഴിയുക. അത്തരം സാഹചര്യങ്ങളിൽ കാലാവധി കഴിയാറായ മരുന്നുകൾക്കു പകരം കാലാവധിയുള്ള മരുന്നുകൾ വിതരണ ക്കാരെക്കൊണ്ട് മാറ്റിയെടുക്കുക പ്രയാസകരമാണ്. കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച (2008-09) സാമ്പത്തിക വർഷം മുതൽ, പരസ്പര ധാരണയോടെ തിരിച്ചെടുക്കുന്ന വ്യവസ്ഥകൾ ടെണ്ടറുകളിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും മേൽ കാരണത്താൽ മരുന്നു തിരിച്ചെടുക്കൽ വ്യവസ്ഥകൾ ഒന്നും പാലിക്കപ്പെട്ടിട്ടില്ല. മരുന്നുകൾ തിരിച്ചെടുക്കാനുള്ള കർശന വ്യവസ്ഥകൾ ടെണ്ടറിൽ ഉൾപ്പെടുത്തിയാൽ വിതരണക്കാർ മരുന്നുകൾക്ക് കൂടുതൽ വില ക്വാട്ട് ചെയ്യാൻ സാധ്യതയുണ്ട്. കൂടാതെ തിരിച്ചെടുക്കുന്ന മരുന്നുകൾ ലേബൽ മാറ്റി വിതരണം ചെയ്യാനും സാധ്യതയുണ്ട്.

കൃത്രിമ മരുന്നുക്ഷാമം

69 (8129) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അവശ്യമരുന്നുകൾക്ക് സംസ്ഥാനത്തു ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടുവോ ; എങ്കിൽ പ്രസ്തുത കൃത്രിമ മരുന്നുക്ഷാമം ഉണ്ടായതിനു കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പനി മരുന്നുകളിൽ ഗ്ലാക്സോ പോലുള്ള ചില കമ്പനികളുടെ മരുന്നുകൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തത് പരിശോധിച്ചുവോ ;

(സി) സൈക്യാടി മരുന്നുകൾ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന "സൺഫാർമ" യുടെ മരുന്ന് സംസ്ഥാനത്ത് ലഭ്യമല്ല എന്നതു പരിശോധിച്ചുവോ ; വിശദമാക്കുമോ ;

(ഡി) .അമിത വികൃതിക്കാരായ കുട്ടികളുടെ മരുന്നായ "അറ്റോർമോസ്റ്റിൻ" എന്ന മരുന്ന് കഴിഞ്ഞ കുറെ മാസങ്ങളായി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ഇ) പ്രമേഹരോഗത്തിനുള്ള മരുന്നുകളും, കാർഡിയോളജി, ക്യാൻസർ, ന്യൂറോ മരുന്നുകളും ഉൾപ്പെടെ സംസ്ഥാനത്ത് കൃത്രിമ മരുന്നുക്ഷാമം മരുന്നു കമ്പനികൾ വരുത്തിയിട്ടുള്ളത് മരുന്നുവില കൂട്ടാനാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ ;

(എഫ്) എങ്കിൽ ഇതു തടയുവാൻ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നും തുടർനടപടികൾ എന്താണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് മരുന്ന വിതരണം നടത്തുന്ന ചുരുക്കം ചില നിർമ്മാതാക്കളുടെ മരുന്നുകൾ വിപണിയിൽ ദൗർലഭ്യമുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത മരുന്നുകൾക്ക് സമാനമായ, മറ്റ് നിർമ്മാതാക്കളുടെ മരുന്നുകൾ വിപണിയിൽ സുലഭമായതിനാൽ രോഗികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല.

(ബി) ഗ്ലാക്സോ കമ്പനി നിർമ്മിക്കുന്ന മരുന്നുകൾ ലഭ്യമാണ്. സമാനമായ മരുന്നുകൾ മറ്റ് നിർമ്മാതാക്കളുടേത് ലഭ്യമായതിനാൽ വിപണിയിൽ ദൗർലഭ്യമില്ല.

(സി) സൺഫാർമ നിർമ്മിക്കുന്ന സൈക്യാടി മരുന്നുകൾക്ക് ദൗർലഭ്യമുള്ളതായി കാണുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സംസ്ഥാനത്ത് പ്രമേഹത്തിനുള്ള മരുന്നുകൾ, കാർഡിയോളജി, ക്യാൻസർ, ന്യൂറോ മരുന്നുകൾ എന്നിവയുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില ബ്രാൻഡുകൾക്ക് ദൗർലഭ്യം ഉണ്ടെങ്കിലും സമാന ചേരുവകളിൽ മറ്റ് കമ്പനികൾ നിർമ്മിക്കുന്ന മരുന്നുകൾ വിപണിയിൽ ലഭ്യമായതിനാൽ രോഗികൾക്ക് മരുന്ന് ലഭിക്കാത്ത സാഹചര്യം നിലവിലില്ല.

(എഫ്) ബാധകമല്ല.

സംസ്ഥാന വെയർഹൗസുകളിൽ സ്റ്റോക്കുള്ള മരുന്നുകൾ

70 (8130) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാന വെയർഹൗസുകളിൽ ആകെ എത്ര കോടി രൂപയുടെ മരുന്നുകൾ ഇപ്പോൾ സ്റ്റോക്കുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വെയർഹൗസുകളിൽ കെട്ടിക്കിടന്ന് മരുന്നുകൾ നശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ മരുന്നുകൾ ഇപ്രകാരം നശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly